**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4361** **09-08-2021 - ൽ മറുപടിയ്ക്ക്**

**കോട്ടയം ജില്ലയിലെ റീസർവ്വേ നടപടികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിലെ ഏതെല്ലാം താലൂക്കുകളിൽ റീസർവ്വേ നടപടികൾ പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) | കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി, വൈക്കം, മീനച്ചിൽ, കോട്ടയം, കാഞ്ഞിരപ്പള്ളി എന്നീ 5 താലൂക്കുകളിലായി ആകെ 100 വില്ലേജുകളാണുള്ളത്. ഇതിൽ ചങ്ങനാശ്ശേരി, മീനച്ചിൽ, കോട്ടയം, കാഞ്ഞിരപ്പള്ളി എന്നീ താലൂക്കുകളിലെ 82 വില്ലേജുകൾ പൂർണ്ണമായും, വൈക്കം താലൂക്കിലെ 6 വില്ലേജുകൾ ഉൾപ്പെടെ ആകെ 88 വില്ലേജുകളുടെ റീസർവ്വെ നടപടികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. |
| (ബി) | വൈക്കം താലൂക്കിലെ ഏതെല്ലാം വില്ലേജുകളിലെ റീസർവ്വേ പൂർത്തിയായെന്ന് വ്യക്തമാക്കുമോ; പ്രസ്തുത താലൂക്കിൽ ഇപ്പോൾ നടന്നുവരുന്ന റീസർവ്വേ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | വൈക്കം താലൂക്കിലെ കടുത്തുരുത്തി, കോതനല്ലൂർ, മാഞ്ഞൂർ, മുളക്കുളം, മുട്ടുച്ചിറ, ഞീഴൂർ എന്നീ 6 വില്ലേജുകളുടെ റീസർവ്വെ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ടി താലൂക്കിലെ വടയാർ വില്ലേജിന്റെ റീസർവ്വെ നടപടികൾ പുരോഗതിയിലാണ്. ആയതിന്റെ ഭാഗമായി സർവ്വെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ